ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 10.10.2026 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. ഉന്നത നിലവാരമുള്ള മെഡിക്കൽ വിദ്യാഭ്യാസവും ആരോഗ്യ സേവനങ്ങളും രാജ്യത്തുടനീളം ഉറപ്പാക്കണമെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ.

   **Vice President C. P. Radhakrishnan calls for ensuring quality medical education and healthcare services across the country.**

2. പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ചെന്നൈ സന്ദർശിക്കും; പൂനമല്ലി-വടപളനി മെട്രോ റെയിൽ സർവീസ് പ്രധാനമന്ത്രി നാടിനു സമർപ്പിക്കും.

   **Prime Minister Narendra Modi to visit Chennai tomorrow; to dedicate the Poonamallee–Vadapalani Metro Rail service to the nation.**

3. ജന്തർ മന്തർ പ്രതിഷേധത്തിന്റെ പശ്ചാത്തലത്തിൽ രാജ്യതലസ്ഥാനത്ത് കനത്ത സുരക്ഷ ഏർപ്പെടുത്തി ഡൽഹി പൊലീസ്; നിരവധി പേർ കസ്റ്റഡിയിൽ; ട്രെയിൻ-മെട്രോ സർവീസുകൾ ഭാഗികമായി തടസപ്പെട്ടു.

   **Delhi Police makes elaborate security arrangements amidst call for protest at Jantar Mantar; Detains some individuals planning to participate; Rail and metro services partly affected in National Capital.**

4. പതിനാറാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനം മറ്റന്നാൾ മുതൽ; സഭ 9 ദിവസം സമ്മേളിക്കും.

   **Second session of the 16th Kerala Legislative Assembly to begin the day after tomorrow; the House to meet for nine days.**

5. കേരളത്തിൽ കനത്ത മഴയ്ക്കു സാധ്യത; പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിലും ലക്ഷദ്വീപിലും ഇന്ന് മഞ്ഞ ജാഗ്രത.

**Heavy rainfall likely in Kerala; yellow alert issued for Pathanamthitta, Kottayam, Ernakulam and Idukki districts, and Lakshadweep today.**

6. ഐഎസ്എൽ ഫുട്ബോളിലെ ആദ്യ മത്സരത്തിൽ ഡൽഹിക്കെതിരെ ബംഗളൂരുവിന് ജയം.

**Bengaluru FC defeat Delhi in the opening match of the Indian Super League football tournament.**

**&&&&&&&&&&&&&&&&**

## VP-JHARKHARD VISIT

രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും ഉയർന്ന നിലവാരമുള്ള മെഡിക്കൽ വിദ്യാഭ്യാസവും ആരോഗ്യ സേവനങ്ങളും ഉറപ്പാക്കണമെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ. ഝാർഖണ്ഡിലെ ദേവ്ഘർ എയിംസിന്റെ ബിരുദദാന ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

**&&&&&&&&&&&&&&&&**

## CHENNAI-PM VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ചെന്നൈ സന്ദർശിക്കും. പൂനമല്ലി–വടപളനി പാതയിലെ 14.5 കിലോമീറ്റർ ദൈർഘ്യമുള്ള മെട്രോ റെയിൽ സർവീസ് അദ്ദേഹം നാടിനു സമർപ്പിക്കും. അഞ്ച് അമൃത് ഭാരത് റെയിൽവേ സ്റ്റേഷനുകൾ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. ഐഐടി മദ്രാസിലെ ബ്രെയിൻ സെന്ററും അദ്ദേഹം സന്ദർശിക്കും.

**&&&&&&&&&&&&&&&&**

## DELHI POLICE - PROTEST ARRANGEMENTS

സിജെപിയുടെ ജന്തർ മന്തർ പ്രതിഷേധത്തിന്റെ പശ്ചാത്തലത്തിൽ, ന്യൂഡൽഹിയിൽ പൊലീസ് വിപുലമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തി. നിരവധി പേരെ കസ്റ്റഡിയിലെടുത്തതായി ഡൽഹി പൊലീസ് ഡെപ്യൂട്ടി കമ്മീഷണർ കുമാർ അഭിഷേക് പറഞ്ഞു. കർശന ഗതാഗത നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. സുരക്ഷാ കാരണങ്ങളാൽ ഡൽഹിയിലെ 45 മെട്രോ സ്റ്റേഷനുകൾ അടച്ചിട്ടു. വിവിധ ട്രെയിനുകൾ ഇന്നു രാത്രി പത്തുവരെ സർവീസ് നിർത്തിവച്ചു.

&&&&&&&&&&&&&&&&

## PIB FACT CHECK- DELHI POLICE

പ്രതിഷേധത്തിനിടെ ഡൽഹി പോലീസ് വെടിയുതിർത്തു എന്ന തരത്തിൽ സാമൂഹ്യ മാധ്യമത്തിൽ പ്രചരിക്കുന്ന വീഡിയോ വ്യാജമെന്ന് കേന്ദ്രസർക്കാർ. ഇത്തരം വീഡിയോകളുടെ കാര്യത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ പരിശോധനാ വിഭാഗം വ്യക്തമാക്കി.

&&&&&&&&&&&&&&&&

## KERALA ASSEMBLY

പതിനാറാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനം മറ്റന്നാൾ ആരംഭിക്കും. സഭ ഒമ്പതു ദിവസമായിരിക്കും സമ്മേളിക്കുക. കോർട്ട് ഫീസ് ഭേദഗതി ബിൽ, മദ്രാസ് ഹിന്ദു റിലീജിയൻ ചാരിറ്റബിൾ എൻഡോവ്മെൻറ് ഭേദഗതി ബിൽ എന്നിവ അവതരിപ്പിക്കും. ഈ മാസം 29 ന് സമ്മേളനം അവസാനിക്കും.

&&&&&&&&&&&&&&&&

## RAJNATH TARANG SHAKTI- INTRO

അയൽ രാജ്യങ്ങളിലെ സംഭവവികാസങ്ങളും ആധുനിക യുദ്ധരീതികളും ആഗോള സുരക്ഷാക്രമത്തിലെ പ്രധാന മാറ്റങ്ങളും ഇന്ത്യ സസൂക്ഷ്മം നിരീക്ഷിക്കുന്നുണ്ടെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്. ജോധ്പൂർ വ്യോമസേനാ താവളത്തിൽ 'തരംഗ് ശക്തി' സൈനികാഭ്യാസത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യൻ സായുധസേന ഘടനയിലും തന്ത്രപരമായ സമീപനത്തിലും മാറ്റം വരുത്തുകയാണെന്ന് ശ്രീ സിംഗ് പറഞ്ഞു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&

## SITHARAMAN-SINGAPORE PREZ-PM

സിംഗപ്പൂർ പ്രസിഡന്റ് തർമൻ ഷൺമുഖരത്നം, പ്രധാനമന്ത്രി ലോറൻസ് വോങ് എന്നിവരുമായി കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ, സിംഗപ്പൂരിൽ ഉഭയകക്ഷി ചർച്ച നടത്തി. പരസ്പര സഹകരണം, ആഗോള സാമ്പത്തിക വികസനം, നിക്ഷേപം എന്നിവ ശക്തിപ്പെടുത്തുന്നത് നേതാക്കൾ ചർച്ച ചെയ്തു.

&&&&&&&&&&&&&&&&

## SEVA SANKALP-INTRO

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കിയതിൻറെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. ഖേൽ മഹാകുംഭ് മുതൽ ഖേലോ ഇന്ത്യ വരെയുള്ള സംരംഭങ്ങളിലൂടെ രാജ്യത്തെ കായികമേഖലയിൽ ഉണ്ടായ വികസനമാണ് ആകാശവാണി അവതരിപ്പിക്കുന്ന പ്രത്യേക പരമ്പരയിൽ ഇന്ന്.

(വോയിസ്)

## SEVA SANKALP- VOICE

കഴിഞ്ഞ ദശകത്തിൽ രാജ്യത്തെ കായിക മേഖലയിൽ വലിയ പരിവർത്തനമാണ് ഉണ്ടായത്. ദേശീയ, അന്തർദേശീയ വേദികളിലെ ഇന്ത്യൻ താരങ്ങളുടെ മെഡൽനേട്ടം കായിക ആവാസവ്യവസ്ഥയിൽ ഉണ്ടായ പരിവർത്തനത്തിന് ഉത്തമ ഉദാഹരണമാണ്. 2010 ലെ ഖേൽ മഹാകുംഭ് മുതൽ ഖേലോ ഇന്ത്യ വരെ, ആഗോളതലത്തിൽ മികവ് നേടുന്നതിന് കായികതാരങ്ങളെ ശാക്തീകരിക്കാൻ താഴെത്തട്ടിൽ നിന്ന് തന്നെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കായിക ആവാസവ്യവസ്ഥ മെച്ചപ്പെടുത്തുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി വ്യക്തമാക്കിയിരുന്നു. അടുത്തിടെ സമാപിച്ച ഏഷ്യൻ ഗെയിംസിൽ 85 മെഡലുകളുമായി ഇന്ത്യ നാലാം സ്ഥാനത്ത് എത്തിയിരുന്നു. ടാർഗറ്റ് ഒളിമ്പിക് പോഡിയം, ദേശീയ കായിക നയം, ഫിറ്റ് ഇന്ത്യ പ്രസ്ഥാനം എന്നിവയും കായികമേഖലക്ക് ഉണർവ് പകർന്നു. കേന്ദ്രത്തോടൊപ്പം, സംസ്ഥാന സർക്കാരുകളും ഇതിൽ സജീവമായി പങ്കെടുക്കുന്നു.

ന്യൂസ് ഡെസ്ക് ആകാശവാണി

&&&&&&&&&&&&&&&&

## CRITICAL MINERALS POLICY

നിർണ്ണായക ധാതുക്കളുടെ ശേഖരണം സംബന്ധിച്ച നയം ഒരു മാസത്തിനുള്ളിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചേക്കുമെന്ന് ഖനി വകുപ്പ് സെക്രട്ടറി കേശവ് ചന്ദ്ര. പ്രതിരോധം, ബഹിരാകാശം, ഊർജം തുടങ്ങിയ തന്ത്രപ്രധാന മേഖലകളിൽ ഈ വിഭവങ്ങളുടെ ലഭ്യത ഉറപ്പാക്കാൻ നടപടി സഹായിക്കുമെന്ന് കരുതപ്പെടുന്നു. ബാറ്ററി നിർമ്മാണ സാമഗ്രികളുടെ മൂല്യവർദ്ധന വേഗത്തിലാക്കാൻ ഗുജറാത്ത്, മഹാരാഷ്ട്ര,

ആന്ധ്രാപ്രദേശ്, ഒഡിഷ എന്നിവിടങ്ങളിലായി നാല് പ്രത്യേക 'നിർണായക ധാതു സംസ്കരണ പാർക്കുകൾ' സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളും സർക്കാർ നടത്തിവരികയാണെന്ന് അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&

**WORLD MENTAL HEALTH DAY**

ഇന്ന് ലോക മാനസികാരോഗ്യ ദിനം. മാനസികാരോഗ്യവുമായി ബന്ധപ്പെട്ട തെറ്റിദ്ധാരണകൾ മാറ്റി നിർത്തി, വിഷമതകൾ തുറന്നുപറയാൻ അന്തരീക്ഷമൊരുക്കുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം.

&&&&&&&&&&&&&&&&

**EKM- BINDU KRISHNA- INTRO**

പ്രസവാനന്തര വിഷാദരോഗം അനുഭവിക്കുന്ന സ്ത്രീകൾക്കായി സംസ്ഥാന വനിതാ ശിശുവികസന വകുപ്പ് നടപ്പാക്കുന്ന "അമ്മയ്ക്കൊപ്പം" പദ്ധതിയുടെ എറണാകുളം ജില്ലാതല ഉദ്ഘാടനം മന്ത്രി ബിന്ദു കൃഷ്ണ നിർവഹിച്ചു. ഈ അവസ്ഥയിലൂടെ കടന്നുപോകുന്നവരെ ഓൺലൈൻ സർവേയിലൂടെ കണ്ടെത്തി, മാനസികാരോഗ്യ പിന്തുണയും പരിചരണവും ഉറപ്പാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

വിശദാംശങ്ങളുമായി ആകാശവാണി എറണാകുളം ജില്ലാ പ്രതിനിധി പി നഹീമ..

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&

**KERALA RAIN**

കേരളത്തിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിലും ലക്ഷദ്വീപിലും ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. ഇടിമിന്നലിന്റെ ആദ്യ ലക്ഷണം കണ്ടാലുടൻ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറണമെന്ന് ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി.

&&&&&&&&&&&&&&&&

## IMD-WEATHER

ബിഹാർ, കർണാടക, ഹിമാചൽ പ്രദേശ്, ജമ്മു-കശ്മീർ എന്നിവിടങ്ങളിലും ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഡൽഹി, ഹരിയാന, ചണ്ഡീഗഢ്, പഞ്ചാബ്, ആന്ധ്രാപ്രദേശ്, മാഹി എന്നിവിടങ്ങളിൽ നാളെ വരെ ഇടിമിന്നലോടുകൂടിയ കാലാവസ്ഥ തുടരും.

&&&&&&&&&&&&&&&&

## ISL FOOTBALL

ഐ എസ് എൽ ഫുട്ബോൾ 13-ാം സീസണ് തുടക്കമായി. ബംഗളൂരുവിൽ നടന്ന ഉദ്ഘാടന മത്സരത്തിൽ ബംഗളൂരു എഫ്സി, സ്പോർടിങ് ക്ലബ് ഡൽഹിയെ 3-2ന് തോൽപ്പിച്ചു. ഗോവയും ചെന്നൈയും തമ്മിലുള്ള രണ്ടാം മത്സരം ഗോവയിൽ പുരോഗമിക്കുകയാണ്. കേരള ബ്ലാസ്റ്റേഴ്സ് നാളെ ഇന്റർകാശിയെ നേരിടും.

&&&&&&&&&&&&&&&&

## CRICKET

ഇന്ത്യ- വെസ്റ്റ് ഇൻഡീസ് പുരുഷ ടി-20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം നാളെ. ഇന്ദോറിൽ രാത്രി ഏഴിനാണ് മത്സരം.

ഓരോ മത്സരം വീതം ജയിച്ച ഇരുടീമുകളും പരമ്പരയിൽ ഒപ്പത്തിനൊപ്പമാണ്.

&&&&&&&&&&&&&&&&

## 94TH SUNDAYS ON CYCLE

ഫിറ്റ് ഇന്ത്യ സൺഡേയ്സ് ഓൺ സൈക്കിളിന്റെ 94-ാാം പതിപ്പ് നാളെ വാരാണസിയിൽ നടക്കും. കേന്ദ്ര കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ പങ്കെടുക്കും. ഏഷ്യൻ ഗെയിംസ് മെഡൽ ജേതാക്കളായ പ്രാചി ചൗധരി, പാരുൾ ചൗധരി, ജയ് കുമാർ, രാജ് കുമാർ പാൽ എന്നിവരും സൈക്കിൾ യാത്രയുടെ ഭാഗമാകും.

&&&&&&&&&&&&&&&&

## VIKALP SHUKLA

റായ്പ്പൂർ ആകാശവാണി ഡെപ്യൂട്ടി ഡയറക്ടർ വികൽപ് ശുക്ല അന്തരിച്ചു. 58 വയസായിരുന്നു. ഹൃദയാഘാതത്തെ തുടർന്നാണ് അന്ത്യം. ഇന്ത്യൻ ഇൻഫർമേഷൻ സർവീസ് ഉദ്യോഗസ്ഥനായിരുന്ന ശ്രീ വികൽപ് ശുക്ല, ഛത്തീസ്ഗഢ് പൊതുപ്രക്ഷേപണ മേഖലയിലെ പ്രമുഖ സാന്നിധ്യമായിരുന്നു.

&&&&&&&&&&&&&&&&

## UN - INDIA MP

ജമ്മു കശ്മീരിനെക്കുറിച്ച് വ്യാജപ്രചാരണങ്ങളും അസത്യങ്ങളും പ്രചരിപ്പിക്കുന്നതിന് ഐക്യരാഷ്ട്രസഭയിൽ ഇന്ത്യ പാകിസ്ഥാനെ ശക്തമായി വിമർശിച്ചു. ജമ്മു കശ്മീർ ഇന്ത്യയുടെ അവിഭാജ്യഘടകമാണെന്നും, എക്കാലവും അങ്ങനെ തന്നെയായിരിക്കുമെന്നും ഇന്ത്യ ആവർത്തിച്ചു. ന്യൂയോർക്കിൽ ചേർന്ന യുഎൻ പൊതുസഭയുടെ നാലാം സമിതിയിൽ

കോളനിവൽക്കരണ വിരുദ്ധതയെക്കുറിച്ചുള്ള ചർച്ചയ്ക്കിടെയാണ് ഇന്ത്യ ഇക്കാര്യം വ്യക്തമാക്കിയത്. അനധികൃതമായി കൈവശം വച്ചിരിക്കുന്ന പ്രദേശങ്ങളിൽ പാകിസ്ഥാൻ നടത്തുന്ന മനുഷ്യാവകാശ ലംഘനങ്ങൾ ഉടൻ അവസാനിപ്പിക്കണമെന്നും ഇന്ത്യ ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&

## RUSSIA UKRAINE WAR

യുക്രെനിലെ സപ്പോരിഷ്യ മേഖലയിൽ റഷ്യ നടത്തിയ വ്യോമാക്രമണത്തിൽ 15 പേർ കൊല്ലപ്പെട്ടു. പതിനാറോളം പേർക്ക് പരിക്കേറ്റു. റഷ്യയിൽ നിന്ന് ഡീസൽ വാങ്ങാനുള്ള കരാർ അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ് പ്രഖ്യാപിച്ചതിന് തൊട്ടുപിന്നാലെയാണ് ആക്രമണം. യുക്രെനിലെ യുദ്ധത്തിനുള്ള റഷ്യയുടെ സാമ്പത്തിക സ്രോതസ്സായി ഈ നീക്കം മാറിയേക്കാമെന്ന് കീവ് മുന്നറിയിപ്പ് നൽകിയിരുന്നു.

&&&&&&&&&&&&&&&&

## INDIA MOBILE CONGRESS - ROBOTICS

ഇന്ത്യ മൊബൈൽ കോൺഗ്രസിന്റെ ഭാഗമായി ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പ്, അന്താരാഷ്ട്ര ടെലികമ്മ്യൂണിക്കേഷൻ യൂണിയനുമായി സഹകരിച്ച് ന്യൂഡൽഹിയിൽ റോബോട്ടിക്സ് ഫോർ ഗുഡ് യൂത്ത് ചലഞ്ച് സംഘടിപ്പിച്ചു. 13 സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നുമുള്ള 300 വിദ്യാർത്ഥികൾ റോബോട്ടിക്സിലെ സർഗ്ഗാത്മകത, നൂതന ആശയം, പ്രശ്നപരിഹാരശേഷി എന്നിവ പ്രദർശിപ്പിച്ചു.

&&&&&&&&&&&&&&&&

&&&&&&&&

&&&